**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2575 12.02.2019 -ലെ മറുപടിക്ക്**

**<u>പേരാവൂർ മണ്ഡലത്തിലെ ഭവനരഹിതർ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർ ഭവനരഹിതരാണ്; വ്യക്തമാക്കുമോ; | (എ) | ലൈഫ്മിഷൻ തയ്യാറാക്കിയിട്ടുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 22648 ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്. |
| (ബി) | പേരാവൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഭവന രഹിതരുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | പേരാവൂർ നിയോജക മണ്ഡലത്തിൽപ്പെട്ട 191 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1. പേരാവൂർ | 11 |
| 2.കൊട്ടിയൂർ | 38 |
| 3.കേളകം | 8 |
| 4.കണിച്ചാർ | 9 |
| 5.മുഴക്കുന്ന് | 6 |
| 6.ആറളം | 24 |
| 7.അയ്യൻകുന്ന് | 18 |
| 8.പായം | 56 |
| 9.ഇരിട്ടി മുനിസിപ്പാലിറ്റി | 21 |
| **ആകെ** | **191** |

| | | | |
|---|---|---|---|
| (സി) | ഭവനരഹിതർക്ക് പട്ടികജാതി വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചപ്പോൾ ഉണ്ടായിരുന്ന അതേ മാനദണ്ഡത്തിലാണോ ലൈഫ് പദ്ധതിയിൻ കീഴിൽ | (സി) | അല്ല., സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള 50,000/- രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള വാസയോഗ്യമായ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ |

| | | | |
|---|---|---|---|
| | അവർക്ക് ധനസഹായം നൽകുന്നത്; അല്ലെങ്കിൽ പട്ടികജാതി വകുപ്പിൽ നിന്നും അനുവദിച്ച അതേ മാനദണ്ഡത്തിൽ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ 15%, 30%, 40%,15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തു വരുന്നു. മുൻപ് ഭവന നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസി മുഖേന ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്കാണ് വകുപ്പ് ധനസഹായം നൽകി വന്നിരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാത്തയിടങ്ങളിൽ പത്ര പരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള ഒരു സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ്മിഷൻ മുഖേന നടപ്പിലാക്കി വരുന്നതെന്നതിനാൽ പൊതുമാനദണ്ഡ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നത് . |

സെക്ഷൻ ഓഫീസർ